തൃശ്ശൂർ ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടുടെ പൂർണ്ണ അധിക ചുമതലയുള്ള
അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റിന്റെ നടപടിക്രമം
(ഹാജർ: സുഭാഷ്.സി.കുമാർ)

വിഷയം: പൊ.വി – അദ്ധ്യാപക ബാങ്ക് സംരക്ഷിത അധ്യാപകർ/റിട്രഞ്ചഡ് അദ്ധ്യാപകർ/ എൽ.പി.എസ്.എ/യു.പി.എസ്.എ/എച്ച്.എസ്.എ പുനർവിന്യസിച്ച് ഉത്തരവാകുന്നത് – സംബന്ധിച്ച്

സൂചന: 1. ഗവ. ഉത്തരവ് (പി)176/62 പൊ.വി.വ തീയ്യതി 28-02-02
2. ഗവ. ഉത്തരവ് (പി)403/02 പൊ.വി.വ തീയ്യതി 04-12-02
3. 16-10-11 ലെ 201/10 തീയ്യതി സർക്കുലർ
4. ഗവ. ഉത്തരവ് നം. 199/11/പൊ.വി.വ തീയ്യതി 01-10-13
5. എച്ച്2 – 29303/13/ഡി.പി.ഐ തീയ്യതി 19-03-14
6. 31310/ജെ2/14/പൊ.വി.വ തീ. 11-06-14 & നം. എച്ച്2-29303/13/DPI തീ. 23-06-14

ഉത്തരവ് നമ്പർ ബി5/6329/14 തീയ്യതി 08-07-14

അദ്ധ്യാപക ബാങ്കിൽ ഉൾപ്പെട്ട് തസ്തികയില്ലാതെ മാതൃവിദ്യാലയത്തിൽ തുടരുന്ന താഴെ കൊടുത്തിട്ടുള്ള എൽ.പി.എസ്.എ/യു.പി.എസ്.എ/എച്ച്.എസ്.എ റിട്രഞ്ചഡ്/സംരക്ഷിത അധ്യാപകരെ ഉടൻ പ്രാബല്യത്തിൽ വരത്തക്കവണ്ണം വിവിധ സ്കൂളുകളിൽ നിലവിലുള്ള ഒഴിവുകളിൽ താഴെ കാണിച്ചിരിക്കുന്ന പ്രകാരം വർക്ക് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ താത്കാലികാടിസ്ഥാനത്തിൽ പുനർവിന്യസിച്ച് ഉത്തരവാക്കുന്നു.

| ക്രമ നം. | സംരക്ഷിത അധ്യാപകരുടെ പേരും മാതൃവിദ്യാലയവും | തസ്തിക | ഒഴിവിന്റെ സ്വഭാവം | പുനർവിന്യസിച്ച സ്കൂളിന്റെ പേര് |
|---|---|---|---|---|
| 1 | ബിലിജിൻ.കെ.ഐ, എ.യു.പി.എസ് തേശേരി | യു.പി.എസ്.എ | 01-07-14 മുതൽ 05-08-14 വരെ | ജി.എൻ.ബി.എച്ച്.എസ് കൊടകര |
| 2 | വി.ജി.സുഭാഷിണി, വി.പി.എം.എസ്.എൻ.ഡി.പി.എച്ച്.എസ് കഴിമ്പ്രം | മ്യൂസിക് | 02-06-14 മുതൽ | ,, |
| | പെരിഞ്ഞനം RMVHS ലെ ശ്രീമതി.പി.ശ്രീലത, മ്യൂസിക് കൊടകര GNBHS ലേക്കുള്ള നിയമനം റദ്ദാക്കുന്നു | | | |
| | എ.യു.പി.എസ് പൊയിലിറപാറയിൽ ജോലി ചെയ്യുന്ന ശ്രീമതി.ടി.എസ്.ശ്രീലേഖ യെ കൂളിമുട്ടം കെ.എ.എൽ.പി.എസ് മാതൃവിദ്യാലയത്തിലേക്ക് തിരിച്ചയക്കുന്നു. | | | |

മേൽപടി സംരക്ഷിത/റിട്രഞ്ചഡ് അധ്യാപകരുടെ വിടുതൽ/പ്രവേശന തീയ്യതികൾ 7 ദിവസത്തിനകം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതാണ്. പ്രസ്തുത സംരക്ഷിത അധ്യാപകരുടെ ശമ്പളവും മറ്റാനുകൂല്യങ്ങളും മാതൃസ്ക്കൂളിൽ നിന്നും നൽകുന്നതിനുള്ള നടപടികൾ പ്രധാന അധ്യാപകൻ കൈകൊള്ളേണ്ടതാണ്. ഒഴിവുകൾ അവസാനിക്കുന്ന മുറയ്ക്കോ പി.എസ്.സി നിയമനം നടക്കുന്ന മുറയ്ക്കോ സംരക്ഷിത അധ്യാപകരെ മാതൃ സ്കൂളിലേക്ക് ബന്ധപ്പെട്ട പ്രധാന അദ്ധ്യാപകൻ വിടുതൽ ചെയ്യേണ്ടതും വിവരങ്ങൾ ഈ ആഫീസിലേക്കും ബന്ധപ്പെട്ട ജില്ല/ഉപജില്ല വിദ്യാഭ്യാസ ആഫീസിലേക്കും രേഖാമൂലം അറിയിക്കേണ്ടതുമാണ്. ഈ ഉത്തരവ് അനുസരിച്ച് ജോലിയിൽ പ്രവേശിക്കാത്ത അധ്യാപകരുടെ സംരക്ഷണാനുകൂല്യം നഷ്ടപ്പെടുന്നതാണ്. സൂചന 3 ഉത്തരവ് പ്രകാരം സമയപരിധിക്കുള്ളിൽ നിയമിക്കപ്പെട്ട സ്കൂളിൽ ജോലിയിൽ പ്രവേശിച്ചില്ല എങ്കിൽ നിയമന ദിവസം മുതൽ ടി അധ്യാപകർക്ക് ശമ്പളം അനുവദിച്ച് നല്കാവുന്നതല്ല എന്നും ടി ഉത്തരവിലെ നിബന്ധനങ്ങൾ നടപ്പിലാക്കുന്നതിന് നടപടികൾ എടുക്കുന്നതാണ് എന്നും ഇതിനാൽ അറിയിക്കുന്നു. ടി ഒഴിവിൽ ദിവസവേതനക്കാർ ജോലി ചെയ്യുന്നുണ്ട് എങ്കിൽ അവരെ പിരിച്ചു വിടേണ്ടതാണ്.

വിദ്യാഭ്യാസ ഉപഡയറക്ടർ, തൃശ്ശൂർ.
(പൂർണ്ണ അധിക ചുമതല)

സ്വീകർത്താവ്
1. ബന്ധപ്പെട്ട പ്രധാനാദ്ധ്യാപകർ
2. ബന്ധപ്പെട്ട അധ്യാപകർ
3. ബന്ധപ്പെട്ട മാനേജർ
4. ബന്ധപ്പെട്ട ജില്ല/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ (നിയമിക്കപ്പെട്ട സംരക്ഷിത അദ്ധ്യാപകരെ ഉടൻ വിടുതൽ ചെയ്യുന്നതിനുള്ള നിർദ്ദേശം ബന്ധപ്പെട്ട പ്രധാന അദ്ധ്യാപകർക്ക് നൽകേണ്ടതാണ്)
5. കരുതൽ ഫയൽ